**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6103** **09-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് കുറ്റിക്കോൽ 110 കെ.വി.സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് കുറ്റിക്കോൽ 110 കെ.വി.സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ 110 കെ.വി സബ്സ്റ്റേഷൻ 27 കോടി രൂപ ചെലവിൽ നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ സബ്സ്റ്റേഷൻ വർക്ക് 64% ഉം ലൈൻ വർക്ക് 14% ഉം പൂർത്തിയായി. |
| (ബി) | പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ? | (ബി) | കുറ്റിക്കോലിൽ പുതിയ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സബ്സ്റ്റേഷന്റെ സൈറ്റ് ലെവെലിങ്, താത്കാലിക സൈറ്റ് ഓഫീസ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, യാർഡ് സ്ട്രക്ചറുകളുടെയും ഉപകരണങ്ങളുടെയും ഫൗണ്ടേഷൻ നിർമ്മാണം യാർഡ് സ്ട്രക്ചറുകളും ഉപകരണങ്ങളും സ്ഥാപിക്കൽ, ബസ് ബാർ കമ്പികൾ സ്ഥാപിക്കൽ, എർത്ത് മാറ്റ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചു.<br><br>കൺട്രോൾ റൂം ബിൽഡിംഗ് നിർമ്മാണം, കേബിൾ ട്രഞ്ച് എന്നിവയുടെ പ്രവൃത്തി 75 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>12.5 MVA, 110/11 കെ.വി ട്രാൻസ്ഫോമറും കൺട്രോൾ പാനലുകളും സ്ഥാപിക്കലും അനുബന്ധ ജോലികളും, യാർഡിന്റെ ഉള്ളിലെ റോഡ് വർക്ക്, യാർഡ് മെറ്റലിങ്ങ് യാർഡ് ഫെൻസിങ്, യാർഡ് ലൈറ്റിംഗ്, ഇലക്ട്രിഫിക്കേഷൻ വർക്ക്, കൺട്രോൾ വയറിംഗ്, കേബിൾ ഇടുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.<br><br>കുറ്റിക്കോൽ സബ്സ്റ്റേഷനിലേക്കുള്ള 110 കെവി ലൈൻ നിർമ്മാണ പ്രവൃത്തിയുടെ എഗ്രിമെന്റ് 19.12.2023 ന് വെച്ചു. ലൈൻ സർവ്വേ, പ്രൊഫൈൽ സർവേ, ലൈൻ റൂട്ടിലെ മരങ്ങൾക്ക് നമ്പർ ഇടൽ, ഭൂവുടമകൾക്ക് ട്രീ കട്ടിങ്ങ് നോട്ടീസ്, മഹസർ നൽകൽ എന്നിവ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ലൈൻ റൂട്ടിലെ മരം മുറിക്കൽ ടവർ സെറ്റിംഗ് തുടങ്ങിയ പ്രവൃത്തികൾ പുരോഗമിക്കുന്നു. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇവയൊഴികെയുള്ള മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ